**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2630** **13-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 ജനുവരി മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കുടിശ്ശികയായ നാല് ഗഡു ക്ഷാമബത്ത എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന ഭവന വായ്പ നിർത്തലാക്കി ബാങ്കുകൾ വഴി എടുക്കുന്നതിന് നിർദ്ദേശം നൽകിയ സാഹചര്യത്തിൽ ആയതിനുള്ള പലിശ സബ്സിഡി സർക്കാർ ബാങ്കുകൾക്ക് നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകൾക്കാണ് വായ്പാ സബ്സിഡി നൽകിയിട്ടുള്ളത്; എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഭവന വായ്പ നിർത്തലാക്കി ബാങ്കുകൾ വഴി വായ്പ എടുക്കുന്നതിന് നിർദ്ദേശം നൽകിയതിന് ശേഷം ബാങ്കുകളിൽ നിന്നും വ്യക്തിഗത നിലയിൽ വായ്പ തരപ്പെടുത്തിയ ജീവനക്കാരുടെ വായ്പയുമായി ബന്ധപെട്ട് പലിശ സബ്സിഡി സർക്കാർ ബാങ്കുകൾക്ക് നൽകിയിട്ടില്ല. |
| (സി) | മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട പല ആശുപത്രികളിലും ചികിത്സയ്ക്ക് എത്തുന്ന ജീവനക്കാരോട് മുൻകൂർ പണം ആവശ്യപ്പെടുന്നതും പണം നൽകാത്തവർക്ക് ചികിത്സ നിഷേധിക്കുന്നതുമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഉണ്ട്; അത്തരം സാഹചര്യങ്ങളിലോ പരാതി ലഭിക്കുന്ന മുറയ്ക്കോ ഇൻഷ്വറൻസ് കമ്പനിയോട് പ്രസ്തുത ആശുപത്രിയിൽ നിന്നും വിശദീകരണം ആവശ്യപ്പെടാനും ആവശ്യമെങ്കിൽ കമ്പനിയും ആശുപത്രിയുമായുള്ള കരാറിൽ നിഷ്കർഷിച്ചിട്ടുള്ള നിയമ നടപടി സ്വീകരിയ്ക്കാനും ഇപ്രകാരം ഉള്ള തെറ്റായ പ്രവണതകൾ ആവർത്തിക്കാതിരിക്കാനുമുള്ള മുൻ കരുതലുകൾ സ്വീകരിയ്ക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധി മൂലം വിവിധ വകുപ്പുകളിൽ തസ്തിക വെട്ടിക്കുറയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | വിവിധ വകുപ്പുകളിൽ നിയമന നിരോധനം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ